Sectt. 37. 3/535/2012/3 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്--നഗരസഭ നൽകിയ പെർമിറ്റിനനുസൃതമായി പൂർത്തിയാക്കിയ അനധികൃത നിർമ്മാണങ്ങൾക്ക് ഒക്യുപെൻസി നൽകുവാൻ നിർദ്ദേശം നൽകി-ഉത്തരവ് --പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ബി) വകുപ്പ്

സ.ഉ (കൈ) നം.167/2014/തസ്വഭവ തീയതി, തിരുവനന്തപുരം 27.09.2014

---

ഉത്തരവ്

നഗരസഭ നൽകിയ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ നിരവധി കേസുകളിൽ പല കാരണങ്ങൾ ചൂണ്ടിക്കാട്ടി കെട്ടിടങ്ങൾക്ക് ഒക്യുപെൻസി നൽകാത്ത സാഹചര്യം നിലവിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

2. നഗരസഭ നൽകിയ പെർമിറ്റിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതെങ്കിൽ ഒക്യുപെൻസി നൽകേണ്ട താണെന്നും എന്തെങ്കിലും ക്രമക്കേടോ ചട്ടലംഘനമോ കണ്ടെത്തുകയാണെ ങ്കിൽ അതിന്റെ ഉത്തരവാദിത്വം പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥൻമാർക്കാ യിരിക്കുമെന്നും അതിലൂടെ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതുമാണെന്ന് സർക്കാർ കരുതുന്നു.

3. മേൽ സാഹചര്യത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നഗരസഭ നൽകിയ പെർമിറ്റിൽ എന്തെങ്കിലും ക്രമക്കേടോ, ചട്ടലംഘനമോ കണ്ടെത്തുകയും അതിലൂടെ സാമ്പത്തിക നഷ്ടം ഉണ്ടായി ട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥർക്കു നൽകിയും അവരിൽ നിന്നും സാമ്പത്തിക നഷ്ടം ഈടാക്കിയും, നഗരസഭ നൽകിയ പെർമിറ്റ് പ്രകാരമാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതെങ്കിൽ

ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത കെട്ടിടങ്ങൾക്ക് ഒക്യുപെൻസി നൽകുവാൻ മുനിസിപ്പാലിറ്റി /കോർപ്പറേഷൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

1. 2014-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ക്രമവൽക്കരണ ചട്ടങ്ങളിലെ ചട്ടം 5 (2) ലെ പ്രൊവിസോയിലെ നിബന്ധനകൾ പാലിച്ചിരിക്കണം.
2. ഒക്യുപെൻസി നൽകുന്ന കെട്ടിടം ക്രമവൽക്കരിച്ചാൽ സർക്കാരിനു ലഭ്യമാകേണ്ട കോമ്പൗണ്ടിംഗ് ഫീ എത്രയെന്ന് കണക്കാക്കി ആ തുക ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മാണ അനുമതി നൽകിയ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.
3. തെറ്റായ പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥർക്കെതിരെ (പെൻഷൻ പറ്റിയവർ ഉൾപ്പെടെ) വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനായി സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എ.പി.എം മൊഹമ്മദ് ഹനീഷ്
ഗവൺമെൻറ് സെക്രട്ടറി

1) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2) സെക്രട്ടറി , തിരുവനന്തപുരം/കൊല്ലം/കൊച്ചി/തൃശ്ശൂർ/കോഴിക്കോട് കോർപ്പറേഷൻ
3) ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
3) ചീഫ് ടൗൺ പ്ലാനർ,(വിജിലൻസ്) തിരുവനന്തപുരം.
4) എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും.
5) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ, പാങ്ങപ്പാറ തിരുവനന്തപുരം.
6) റീജിയണൽ ജോയിൻറ് ഡയറക്ടർ ഓഫ് അർബൻ അഫയേഴ് സ് കൊല്ലം/ കൊച്ചി/കോഴിക്കോട് .
7) കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ